പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6409 08.07.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-ക്ക് മൂലധന നിക്ഷേപം

ചോദ്യം

ശ്രീ. സി. കൃഷ്ണൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതുതായി ബസുകൾ വാങ്ങുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മൂലധന നിക്ഷേപമായി 1990 മുതൽ കെ.എസ്.ആർ.ടി.സി.-ക്ക് തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ 31.03.1992 വരെ 23.21 കോടി രൂപ മൂലധന നിക്ഷേപമായി കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. 1992-93 വർഷം മുതൽ നാളിതുവരെയും കേന്ദ്ര സർക്കാർ മൂലധന നിക്ഷേപമായി കെ.എസ്.ആർ.ടി.സി.ക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. സംസ്ഥാന സർക്കാർ 1990 മുതൽ കെ.എസ്.ആർ.ടി.സി. ക്ക് മൂലധന നിക്ഷേപമായി തുക അനുവദിച്ചു വരുന്നുണ്ട്. കോർപ്പറേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായാണ് സംസ്ഥാന സർക്കാർ മൂലധന നിക്ഷേപമായി തുക അനുവദിക്കുന്നത്. പുതിയ ബസുകൾ വാങ്ങുന്നതിനായും സംസ്ഥാന സർക്കാർ തുക അനുവദിച്ചിട്ടുണ്ട്. |
| (ബി) | കർണാടക, തമിഴ്നാട് സർക്കാരുകൾ ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് അനുവദിക്കുന്ന വിധത്തിൽ മൂലധന നിക്ഷേപം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ മൂലധന നിക്ഷേപ ആവശ്യങ്ങൾക്കായി ഉചിതവും സാധ്യവുമായ സാമ്പത്തിക സഹായം ഓരോ വർഷവും നോൺ പ്ലാൻ വായ്പയായി സർക്കാർ നൽകി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ മറ്റൊരു സംവിധാനം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ